# കോങ്ങാട് ഗ്രാമപഞ്ചായത്ത്

**ISO 9001 :2015**

**കോങ്ങാട്(പി.ഒ), പാലക്കാട്-678631**

ഫോൺ- 0491 2845247, 2847766

**Email : - ddpkongadupkd@gmail.com,**


SC2-1543/24 തീയതി:24/6/24

പ്രേഷകൻ,

സെക്രട്ടറി
കോങ്ങാട് ഗ്രാമപഞ്ചായത്ത്

സ്വീകർത്താവ്,

ബഹു: ഇൻറേണൽ വിജിലൻസ് ഓഫീസർ
ജോയിൻറ് ഡയറക്ടറുടെ കാര്യാലയം
പാലക്കാട്

സർ,

വിഷയം: ഉപജില്ലാ സ്ഥിരം അദാലത്ത് സമിതി (2) -പരാതിയിൻമേൽ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന: (1) അങ്ങയുടെ 13/6/24 തീയതിയിലെ LSGD/JD/PKD/6384/2023-12 നമ്പർ കത്ത്.

(2) ഈ ഓഫീസിൽ നിന്നും ശ്രീമതി. ധന്യയ്ക്ക് നൽകിയ 30/05/24 തീയതിയിലെ SC2-1543/24 നമ്പർ ഉത്തരവ്.

മേൽസൂചന പ്രകാരം ശ്രീമതി ധന്യ.കെ, ചന്ദ്രജ, ഭവനഗർ, കുന്നത്തൂർമേട്, പാലക്കാട് എന്ന വ്യക്തി തൻറെ ഉടമസ്ഥതയിലുള്ള 15/253 എന്ന പാർപ്പിടാവശ്യത്തിലുള്ള കെട്ടിടത്തിൻറെ ഉപയോഗക്രമം മാറ്റി പുതിയ വാണിജ്യാവശ്യത്തിനുള്ള നമ്പറുകൾ ഈ ഓഫീസിൽ നിന്നും അനുവദിച്ചില്ലെന്നുള്ള പരാതിയിൻമേൽ വിശദമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

ശ്രീമതി.ധന്യ.കെ, ചന്ദ്രജ, ഭവനഗർ, കുന്നത്തൂർമേട്, പാലക്കാട് എന്നവർ 15/283 ാം നമ്പർ കെട്ടിടത്തിൻറെ ഉപയോഗക്രമം മാറ്റുന്നതിനായി 28.12.2023 തീയതിയിൽ സമർപ്പിച്ച അപേക്ഷ ഓൺലൈനായി സങ്കേതം വഴി അപേക്ഷ സമർപ്പിച്ചിട്ടില്ല എന്ന കാരണത്താലും പഴയ കെട്ടിടത്തിനെ STRUCTURAL STABILITY ഇല്ല എന്ന കാരണത്താലും ഈ ഓഫീസിൽ നിന്നും 26.03.2024 തീയതിയിലെ 400789/PTRV06/ GPO/2023/10749(1) നമ്പർ കത്ത് പ്രകാരം നിരസിച്ചിരുന്നു.

ആയതിനെ തുടർന്ന് ശ്രീമതി.ധന്യ.കെ എന്നവർ 15/253 നമ്പറിലുള്ള വാസഗൃഹം താഴത്തെ നിലയിൽ വാണിജ്യാവശ്യത്തിനുള്ള മൂന്ന് കടമുറികളായി ഗണം മാറ്റുന്നതിന്

KPBR ചട്ടം 72 പ്രകാരം അനുമതി ലഭിക്കുന്നതിനായി 15.03.2024 തീയതിയിൽ സങ്കേതം വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് അസെസ്സ്മെൻറ് രേഖകൾ പരിശോധിച്ചതിൽ 15/253 നമ്പർ കെട്ടിടം 40 വർഷം പഴക്കമുള്ള 107.4 ച.മീ വിസ്തീർണ്ണമുള്ള താഴത്തെ നില മാത്രമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടമാണ്.

പ്രസ്തുത അപേക്ഷ പരിശോധനക്കായി ഓവർസീയർക്ക് സമർപ്പിച്ചതിൽ നിലവിലുള്ള കെട്ടിട്ടത്തിൻറെ മുകൾഭാഗം പൊളിച്ച് നീക്കി ഷീറ്റ് റൂഫ് നൽകുന്നതിനും മുൻവശം ചുമരും ജനലും ഡോർ മാറ്റി ഷട്ടർ വെക്കുന്നതിനും ആണ് അപേക്ഷ എന്നതിനാലും നിലവിലുള്ള കെട്ടിടത്തിൽ കൂട്ടിചേർക്കലുകൾ ഒന്നും തന്നെ ഇല്ല എന്നതിനാലും ചട്ടം 72 പ്രകാരം പെർമിറ്റ് അനുവദിക്കാവുന്നതാണ് എന്ന് 22.03.2024 ന് റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ പ്രസ്തുത സൈറ്റ് 6.4.2024 ന് സെക്രട്ടറി നേരിൽ പരിശോധിച്ചതിൽ കേരള പഞ്ചായത്ത് രാജ് ആക്ട് 220B പാലിക്കാതെ പഴയ കെട്ടിടത്തിൻറെ മുൻവശത്തെ ചുമർ മാത്രം നിലനിർത്തി ആയതിന് പുറകിലായി മുൻവശത്തെ ചുമരുമായി ബന്ധമില്ലാതെ 3 കടമുറികളുടെ നിർമ്മാണം നിലംപണി ഒഴിച്ച് STRUCTURE, SHUTTER സ്ഥാപിക്കാൻ എന്നീ പ്രവർത്തികൾ അടക്കം പൂർത്തിയായതായി കാണുകയും ചെയ്യതതിനെ തുടർന്ന് പ്രസ്തുത നിർമ്മാണങ്ങൾ ചട്ടം 72 ൻറെ പരിധിയിൽ ഉൾപ്പെടുത്തി ക്രമവൽക്കരിക്കാൻ കഴിയുമോ എന്ന വ്യക്തവും വിശദവുമായ റിപ്പോർട്ട് നൽകുന്നതിന് അസിസ്റ്റൻറ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും 22.03.2024 ലെ ഓവർസീയറുടെ റിപ്പോർട്ട് പരിഗണിച്ച് ചട്ടം 72 ൻറെ പരിധിയിൽ ഉൾപ്പെടുത്താവുന്നതാണ് എന്നാണ് 17.04.2024ന് അസിസ്റ്റൻറ് എഞ്ചിനിയർ വീണ്ടും റിപ്പോർട്ട് ചെയ്യ്തിരുന്നത്.

ആയതിനെ തുടർന്ന് പ്രസ്തുത ഫയൽ തുടർ പരിശോധനക്കായി ഓവർസീയർക്ക് നൽകിയതിൽ ശ്രീമതി.ധന്യ എന്നവർ പെർമിറ്റ് ലഭിക്കുന്നതിനു മുൻപ്പ തന്നെ നിർമ്മാണം നടത്തിയിട്ടുണ്ടെന്നും കൂടാതെ കെട്ടിടത്തിൽ പുതിയ കൂട്ടിചേർക്കലുകൾ ഉള്ളതായി കാണുന്നുവെന്നും പഴയകെട്ടിടത്തിൻറെ ഒന്നാം നില മുഴുവനായും താഴത്തെ നില മേൽക്കൂര മുഴുവനായും ചുമർ 5 അടിവരെയും പൊളിച്ചുമാറ്റി നിർമ്മിച്ചിട്ടുണ്ട് എന്നും പഴയകെട്ടിടത്തിൻറെ ഉള്ളിലുള്ള ചുമരുകളിൽ ചില മാററങ്ങൾ വരുത്തി മുൻവശം ചുമരിൽ നിന്നും 4 അടി ഉള്ളിലേക്ക് മാറ്റി ഷട്ടർ നിർമ്മിക്കുന്നതിനായി പ്രവർത്തി പുരോഗിമിക്കുന്നുണ്ട് എന്നും നിലവിലുള്ള കെട്ടിടത്തെക്കാൾ വിസ്തീർണം പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടെന്നും കെട്ടിടത്തിൻറെ പടിഞ്ഞാറു ഭാഗം പുതിയ നിർമ്മാണമാണെന്നും കെട്ടിടത്തിൻറെ ഉയരത്തിൽ മാറ്റമുണ്ടെന്നും ചുമരുകളെ ബലപ്പെടുത്താൻ ചുമരിൻറെ മൂലയിലും മറ്റു ഭാഗങ്ങളിലും GI പൈപ്പ് നൽകിയിട്ടുണ്ടെന്നും മേൽപറഞ്ഞ മാറ്റങ്ങൾ നിലവിലെ കെട്ടിടത്തിൽ പെർമിറ്റ് അനുവദിക്കുന്നതിനു മുൻപായി വരുത്തിയതിനാൽ ചട്ടം 72 പ്രകാരം നൽകാമോ എന്ന് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ് എന്നാണ് 07.05.2024 ന് ഓവർസീയർ റിപ്പോർട്ട് ചെയ്യ്തിരുന്നത്. തുടർന്ന് സങ്കേതത്തിൽ പ്രസ്തുത ഫയൽ 18.05.2024 ന് തിരികെ സമർപ്പിക്കുകയും ചെയ്യ്തു.

തുടർന്ന് പ്രസ്തുത ഫയൽ പരിശോധിച്ചതിലും, സൈറ്റ് പരിശോധിച്ചതിലും, ഓവർസീയറുടെ റിപ്പോർട്ട് പരിശോധിച്ചതിലും ഉള്ള പൊരുത്തകേടുകൾക്ക് വ്യക്തത വരുത്തുന്നതിനായി അപേക്ഷകനേയും, ലൈസൻസ് ബിൽഡിംഗ് സൂപ്പർവൈസറെയും LSGD ഓവർസീയറെയും നേരിൽ കേൾക്കുന്നതിന് പരാമർശം 4 പ്രകാരം ഹിയറിംഗ് നടത്തിയതിൽ അപേക്ഷകനായ ശ്രീമതി.ധന്യയും, ടിയാളുടെ ഭർത്താവും കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് LSGD ഓവർസീയറുമായ ശ്രീ.അനീഷും, കോങ്ങാട് LSGD ഓവർസീ

യറായ ശ്രീ.പ്രജീഷും സെക്ഷൻ ക്ലർക്ക് ശ്രീമതി.വർഷയും പങ്കെടുത്തു. ലൈസൻസി ശ്രീ.നിധീഷ് ഹാജരായില്ല.

ടി കൂടികാഴ്ച്ചയിൽ ശ്രീമതി.ധന്യ എന്നവർ 15/253 നമ്പർ കെട്ടിടം ചട്ടം 72 പ്രകാരം ഒക്യൂപ്പൻസി മാറ്റുന്നത് സമർപ്പിച്ച അപേക്ഷയിൻമേൽ 07.05.2024 ന് ഓവർസീയർ സമർപ്പിച്ച റിപ്പോർട്ടിൽ പെർമിറ്റ് ലഭിക്കുന്നതിനു മുൻപ്പ തന്നെ നിർമ്മാണം നടത്തിയിട്ടുണ്ടെന്നും, കെട്ടിടത്തിൽ പുതിയ കൂട്ടിചേർക്കലുകൾ ഉള്ളതായി കാണുന്നുവെന്നും നിലവിലുള്ള കെട്ടിടത്തെക്കാൾ വിസ്തീർണ്ണം പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടെന്നും കെട്ടിടത്തിൻറെ പടിഞ്ഞാറു ഭാഗം പുതിയ നിർമ്മാണമാണെന്നും റിപ്പോർട്ട് ചെയ്തതത് സെക്രട്ടറി അറിയിച്ചു. ടി ചട്ടത്തിൽ 2000 മാർച്ച് 30 ന് നിലനിന്ന കെട്ടിടത്തിൻറെ ഭിത്തി മാറ്റാതെ മുകളിലത്തെ നിലകളിൽ മാറ്റം വരുത്തുവാനാണ് പരാമർശിച്ചിരിക്കുന്നതെന്നും എന്നാൽ ടി അപേക്ഷയിൽ ആയതിന് വിരുദ്ധമായി ഗ്രൌണ്ട് ഫ്ലോറിൽ അനുമതി ഇല്ലാതെ നിർമ്മാണങ്ങൾ പൂർത്തീകരിച്ചതായി സെക്രട്ടിയും ഓവർസീയറും പറഞ്ഞു. പ്രസ്തുത കെട്ടിടം തൻറെ ഉപജീവന ആവശ്യത്തിലേക്ക് കടമുറികൾ ആക്കുന്നതിന് പഞ്ചായത്തിൽ 15.03.2024 ന് പെർമിറ്റ് അപേക്ഷ നല്കിയിരുന്നുവെന്നും ആയത് അനുവദിക്കുന്നതിലെ കാലതാമസം വന്നതിനാൽ നിർമ്മാണം വൈകുന്നത് മഴക്കാലത്തേക്ക് നീണ്ടുപോകുമെന്നതിനാൽ പ്ലാൻ പ്രകാരം അറ്റകുറ്റപണികൾ നടത്തി ഷട്ടർ സ്ഥാപിക്കുകയുണ്ടായി എന്നും ആയതിനാൽ അനുമതി ഇല്ലാതെ നടത്തിയ പ്രവർത്തികൾ മാപ്പാക്കി പട്ടികജാതിക്കാരി കൂടിയായ തൻറെയും കുടുംബത്തിൻറെയും സാമ്പത്തിക ഭദ്രത തകരാകാതിരിക്കുന്നതിന് കെട്ടിടം ക്രമവൽക്കരിച്ച് നമ്പർ അനുവദിച്ച തരണമെന്ന് ശ്രീമതി. ധന്യ അഭ്യർത്ഥിച്ചു.

എന്നാൽ KPBR ചട്ടം 72 ന് വിരുദ്ധമായി പ്ലാൻ സമർച്ച ലൈസൻസിയോട് വിശദീകരണം ആവശ്യപ്പെടേണ്ടതാണെന്ന് സെക്രട്ടറി അറിയിച്ചു. കൂടാതെ ടി ചട്ട പ്രകാരം കെട്ടിടം ക്രമവത്ക്കരിക്കാൻ കഴിയാത്തതിനാൽ ചെറിയ പ്ലോട്ടുകളിലെ കെട്ടിട നിർമ്മാണത്തിനുള്ള സെറ്റ്ബാക്ക് പ്രകാരം നിർമ്മാണം പുനക്രമീകരിച്ച് അപേക്ഷ നൽകുകയോ ചട്ടം 72 പ്രകാരം താഴത്തെ നിർമ്മാണം മുകളിലോട്ട് മാറ്റി അപേക്ഷ സമർപ്പിക്കുകയോ ചെയ്ത്താൽ പരിഗണിക്കാമെന്ന് സെക്രട്ടറി അറിയിച്ചു. എന്നാൽ ആയത് സാമ്പത്തിക നഷ്ടം ഉണ്ടാകുമെന്നതിനാൽ കഴിയില്ലെന്ന് ശ്രീമതി.ധന്യ അറിയിച്ചു.

മേൽ സാഹചര്യത്തിൽ 15/253 നമ്പർ കെട്ടിടം ചട്ടം 72 പ്രകാരം ഒക്യൂപ്പൻസി മാറ്റുന്നത് സമർപ്പിച്ച അപേക്ഷ ഓവർസീയറുടെ 07.05.2024 ലെ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിലും, സൈറ്റ് നേരിൽ പരിശോധന നടത്തിയതിൻറെ അടിസ്ഥാനത്തിലും ചട്ടം 72 ൻറെ പരിധിയിൽ ഉൾപ്പെടുത്തുവാൻ കഴിയാത്തതിനാൽ ആയത് നിരസിക്കുകയും ടി കെട്ടിടത്തിൻറെ തുടർനിർമ്മാണ പ്രവർത്തനങ്ങൾ ഈ ഓഫീസിൽ നിന്നും ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ നിർത്തിവെക്കേണ്ടതാണ് എന്ന് സൂചന 2 പ്രകാരം അപേക്ഷകനെ അറിയിക്കുകയും ചെയ്യതിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്യുന്നു.

വിശ്വസ്തതയോടെ

Secretary
Kongad Grama Panchayat